മലയാള മനോരമ
ESTABLISHED 1888

**02 December 2016**



യു എസ് ഗവേഷകൻ ഡോ. ഗുസ്താവ് പൗലേ സിഎംഎഫ്ആർഐ യിലെ നാഷനൽ മറൈൻ ബയോഡൈവേഴ്സിറ്റി മ്യൂസിയം സന്ദർശിക്കുന്നു. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, ഡോ. കെ. കെ. ജോഷി, കെ. എം. ശ്രീകുമാർ എന്നിവർ സമീപം.

# സമുദ്ര ജീവികളുടെ വർഗീകരണ പഠനത്തിന് ഊന്നൽ നൽകണം

കൊച്ചി • സമുദ്ര ജീവികളുടെ വർഗീകരണ പഠനത്തിനു (ടാക്സോണമി) ഇന്ത്യ ഊന്നൽ നൽകണമെന്നു ജൈവ വൈവിധ്യ പഠനരംഗത്തെ രാജ്യാന്തര പ്രശസ്തനായ യുഎസ് ഗവേഷകൻ ഡോ. ഗുസ്താവ് പൗലേ. 80 ശതമാനത്തോളം സമുദ്ര ജീവികൾ ഇനിയും തരംതിരിക്കപ്പെട്ടിട്ടില്ല. ഇന്ത്യൻ മഹാസമുദ്രത്തിലെ മിക്ക ജീവജാലങ്ങളെ ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നുവെന്നും.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) സന്ദർശനത്തിനെത്തിയ അദ്ദേഹം വ്യക്തമാക്കി.

സിഎംഎഫ്ആർഐയിലെ നാഷനൽ മറൈൻ ബയോഡൈവേഴ്സിറ്റി മ്യൂസിയവും സന്ദർശിച്ചു. ഇന്ത്യ ഗവൺമെന്റ് ദേശീയ സമുദ്ര ജൈവ വൈവിധ്യ ശേഖരമായി പ്രഖ്യാപിച്ച മ്യൂസിയത്തിന്റെ ഘടന പ്രശംസനീയമാണെന്ന് അദ്ദേഹം പറഞ്ഞു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ ഉപഹാരം സമ്മാനിച്ചു. മറൈൻ ബയോഡൈവേഴ്സിറ്റി ഡിവിഷൻ തലവൻ ഡോ. കെ.കെ. ജോഷി, ജേണൽ ക്ലബ്ബ് കോഓർഡിനേറ്റർ ഡോ. ശ്യാം എസ് സലീം എന്നിവർ പ്രസംഗിച്ചു.